# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3620        22-08-2017 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ**
**" ജി.എസ്. ജയലാൽ**
**" വി.ആർ സുനിൽ കുമാർ**
**" എൽദോ എബ്രഹാം :**

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| **(എ)** | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശ പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(എ)** | ഉണ്ട്. 21 മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| **(ബി)** | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റെന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **(ബി)** | വകുപ്പിന്റെ സേവനങ്ങൾ ഓൺ ലൈനിലൂടെ ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന LMOMS (Legal Metrology Operations Management System) എന്ന പദ്ധതി അവസാന ഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനും, മിന്നൽ പരിശോധനകൾ സജീവമാക്കി അളവ് തൂക്ക സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ടോൾ ഫ്രീ നമ്പരോട്ടുകൂടിയ കാൾ സെന്റർ സ്ഥാപിക്കുന്നതിനും, വാഹനങ്ങളിൽ പരിശോധന ഉപകരണങ്ങൾ സജ്ജീകരിച്ച "മൊബൈൽ ലാബുകൾ" സജ്ജമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ലീഗൽ മെട്രോളജി വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ലാബോറട്ടറി കോംപ്ലക്സ് ഈ സാമ്പത്തിക വർഷം പൂർത്തിയാകും. |

സെക്ഷൻ ഓഫീസർ